# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.921 — 09/08/2017 - ൽ മറുപടിക്ക്

### ഇ.എസ്.ഐ. ചികിത്സാപരിധിയിൽ വരുന്ന തൊഴിലാളികൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.സി.ദിവാകരൻ | | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ ഏതൊക്കെ വിഭാഗം തൊഴിലാളികളെയാണ് ഇ.എസ്.ഐ. ചികിത്സാപരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പത്തോ അതിലധികമോ തൊഴിലാളികൾ ജോലിചെയ്യുന്ന താഴെ പറയുന്ന വിഭാഗങ്ങളിൽപ്പെടുന്ന തൊഴിൽ സ്ഥാപനങ്ങളിലെ എല്ലാ തൊഴിലാളികൾക്കും ഇ.എസ്.ഐ പരിരക്ഷ ലഭിക്കുന്നതാണ്. ഇ.എസ്.ഐ പരിരക്ഷ ലഭിക്കുന്നതിനുള്ള പ്രതിമാസവേതന പരിധി 21,000/- രൂപയാണ്.<br>1. വ്യവസായശാലകൾ, വ്യാപാര സ്ഥാപനങ്ങൾ<br>2. ഹോട്ടൽ/റസ്റ്റോറന്റ്<br>3. സിനിമ തീയറ്ററുകൾ<br>4. റോഡ് ഗതാഗത സ്ഥാപനങ്ങൾ<br>5. പത്ര മാധ്യമ സ്ഥാപനങ്ങൾ<br>6. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ<br>7. സ്വകാര്യ ആശുപത്രികൾ, ലബോറട്ടറികൾ<br>8. കൺസ്ട്രക്ഷൻ മേഖലയിലെ നിർമ്മാണ തൊഴിലാളികൾ<br>കൂടാതെ കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പത്തോ അതിലധികമോ തൊഴിലാളികളുള്ള സ്ഥാപനങ്ങളിലെ എല്ലാ കോൺട്രാക്ട്/ കാഷ്വൽ തൊഴിലാളികൾക്കും ഇ.എസ്.ഐ പരിരക്ഷ ലഭ്യമാണ്. |

| | | | |
|---|---|---|---|
| (ബി) | ഇ.എസ്.ഐ. ചികിത്സാ പരിധിയിൽ ഉൾപ്പെടുന്നതിനുള്ള വരുമാന പരിധി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | ഇ.എസ്.ഐ. ചികിത്സാ പരിധിയിൽ ഉൾപ്പെടുന്നതിനുള്ള വരുമാന പരിധി 01.01.2017 ൽ 15,000/-രൂപയിൽ നിന്നും 21,000/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വരുമാന പരിധി ഉയർത്തുന്ന കാര്യം നിശ്ചയിക്കുന്നത് ഇ.എസ്.ഐ കോർപ്പറേഷനാണ്. |
| (സി) | അസംഘടിത മേഖലയിലുള്ള തൊഴിലാളികളെ ഇ.എസ്.ഐ ചികിത്സാ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (സി) | അസംഘടിത മേഖലയിലെ തൊഴിലാളികളെ ഇ.എസ്.ഐ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഇ.എസ്.ഐ കോർപ്പറേഷന്റെ ഭാഗത്തു നിന്നും സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി 01.10.2016 മുതൽ അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും ഓട്ടോറിക്ഷാ തൊഴിലാളികൾക്കും കൂടി ഇ.എസ്.ഐ മെഡിക്കൽ ആനുകൂല്യങ്ങൾ നൽകാൻ തീരുമാനം ആയിട്ടുണ്ട്. എന്നാൽ ഈ തീരുമാനം പരീക്ഷണാടിസ്ഥാനത്തിൽ ഹൈദ്രാബാദ്, ദില്ലി എന്നീ സ്ഥലങ്ങളിൽ മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. നിലവിൽ കേരളത്തിലെ അസംഘടിത മേഖലയിലെ തൊഴിലാളികളെ ഇ.എസ്.ഐ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ